# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1496** **31.10.2019-ൽ മറുപടിയ്ക്ക്**

**കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോർപ്പറേഷൻ കായംകുളം ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്. ൽ നടത്തുന്ന നിർമ്മാണം**

| ചോദ്യം<br>ശ്രീമതി യു. പ്രതിഭ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) കായംകുളം ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്. ന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി കിഫ്ബിയിൽ ഉൾപ്പെടുത്തി കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോർപ്പറേഷൻ വഴി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 29/06/2018 ലെ G.O.(Rt) No.535/18/FR/PD നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. ജി.ഒ(ആർ.ടി) നമ്പർ 535/2018/എഫ് & പി.ഡി നമ്പർ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| ബി) എന്നാൽ കിഫ്ബി വഴി മറ്റൊരു പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് കാട്ടി ഈ സ്കൂളിനെ പ്രസ്തുത പദ്ധതിയിൽ നിന്നും ഒഴിവാക്കിയിരുന്നോ എന്നറിയിക്കാമോ; | ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി പദ്ധതിയിലുൾപ്പെടുത്തുന്നതിനായി തത്വത്തിൽ അംഗീകാരം ലഭിച്ച സ്കൂളുകളുടെ ലിസ്റ്റിൽ കായംകുളം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ എന്ന പേരായിരുന്നു ഉൾപ്പെട്ടിരുന്നത്. എന്നാൽ കായംകുളത്ത് ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, ഗവൺമെന്റ് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ എന്നിങ്ങനെ 2 വ്യത്യസ്ത സ്കൂളുകൾ നിലവിലുണ്ടെന്ന് പിന്നീട് ബോദ്ധ്യമാവുകയും പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് കിഫ്ബി ഫണ്ടോട്ടു കൂടി KITES മുഖേന നടപ്പാക്കുന്ന പദ്ധതിയിൽ ഗവൺമെന്റ് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ, കായംകുളം ഉൾപ്പെട്ടിരുന്നതിനാൽ മേൽ ഗവൺമെന്റ് ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചതായി കണക്കാക്കി ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ കായംകുളത്തിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള വിശദ പദ്ധതി രൂപരേഖ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിവരികയാണ്. |

| | | | |
|---|---|---|---|
| സി) | എന്നാൽ കിഫ്ബി വഴി മറ്റ് യാതൊരു പദ്ധതി പ്രവർത്തനങ്ങൾക്കും അനുമതി ലഭിച്ചിട്ടില്ല എന്ന കാര്യം ബന്ധപ്പെട്ട അധികാരികൾക്ക് ബോധ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | സി) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് കിഫ്ബി വഴി ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ കായംകുളത്തിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് മറ്റ് യാതൊരു പദ്ധതി പ്രവർത്തനങ്ങൾക്കും അനുമതി നൽകിയിട്ടില്ല. |
| ഡി) | എങ്കിൽ മുൻ ഉത്തരവ് പ്രകാരം കിഫ്ബിയിൽ നിന്നും ഫണ്ട് വിനിയോഗിച്ച് കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോർപ്പറേഷൻ വഴി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ? | ഡി) | കായംകുളം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടി തീരദേശ വികസന കോർപ്പറേഷൻ മുഖേന സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ആഫീസർ**